**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - മരണപ്പെട്ട കുട്ടപ്പൻ നായരുടെ കുടുംബ പെൻഷൻ വികലാംഗയായ മകൾ ശ്രീമതി. ഓമന കുമാരിയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ(സാധാ) നം.8084/2018/ധന. തിരുവനന്തപുരം, തീയതി .29/09/2018.

---

പരാമർശം:- (1) ശ്രീമതി. ഓമന കുമാരിയുടെ ഫോം.6 – ലെ അപേക്ഷ.

(2) അപേക്ഷകയുടെ പിതാവിന്റെയും മാതാവിന്റെയും മരണ സർട്ടിഫിക്കറ്റ്.

(3) ചിറയിൻകീഴ് തഹസിൽദാർ നൽകിയ ബി4/22122/17/കെ.ഡിസ്.നം. അനന്തരാവകാശ സർട്ടിഫിക്കറ്റ്.

(4) മറ്റ് അവകാശികളുടെ 28/06/18 – ലെ സമ്മതപത്രം.

(5) നിശ്ചിത് മാതൃകയിലുള്ള 06/04/18 – ലെ മെഡിക്കൽ സർട്ടിഫിക്കറ്റ്.

(6) 'സ.ഉ.(പി).105/16/ ധന തീയതി. 26/07/16 ' നമ്പർ സർക്കാർ ഉത്തരവ്.

(7) പി.പി.ഒ നം.TVM/14709.

**ഉത്തരവ്**

റവന്യൂ വകുപ്പിൽ പ്യൂണായിരിക്കെ 31/03/1983 – ൽ വിരമിക്കുകയും 14/08/1988 – ൽ മരണപ്പെടുകയും ചെയ്ത കുട്ടപ്പൻ നായരുടെ കുടുംബ പെൻഷൻ കൈപ്പറ്റിയിരുന്ന ഭാര്യ ജാനകിയമ്മ 08/10/2013 – ൽ മരണപ്പെട്ടതിനാൽ ടിയാന്റെ വികലാംഗയായ മകൾ ശ്രീമതി ഓമന കുമാരിയ്ക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) ഹാജരാക്കിയ വിവരങ്ങളിൽ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റും അപേക്ഷകയുടെ വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഉൾപ്പെട്ടിട്ടുണ്ട്. പരേതരുടെ മറ്റ് നിയമാനുസൃത അവകാശികൾ ശ്രീമതി. ഓമന കുമാരിയ്ക്ക് പെൻഷൻ അനുവദിക്കുന്നതിന് സമ്മതമാണെന്ന് വ്യക്തമാക്കി സൂചന (4) ലെ രേഖ നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുടുംബ പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കിയതിനാലും മെഡിക്കൽ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ വൈകല്യം മൂലം അപേക്ഷകയുടെ നിത്യനിദാന ചെലവുകൾക്ക് വഴി കണ്ടെത്തുന്നതിന് പ്രയാസകരമാണെന്ന് ബോധ്യമായതിനാലും സൂചന(6) പ്രകാരം, മരണപ്പെട്ട കുട്ടപ്പൻ നായരുടെ കുടുംബ പെൻഷൻ ടിയാന്റെ ഭാര്യ മരണപ്പെട്ടതിനാൽ വികലാംഗയായ മകൾ ശ്രീമതി ഓമന കുമാരിയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ തീയതിയായ 06/04/18 മുതൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പ്രസ്തുത പെൻഷൻ നൽകുന്നതിനാവശ്യമായ അധികാര ദാനം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം നൽകുന്നതായിരിക്കും. ഇതിനുള്ള ചെലവ് "2071 – 01 – 105 -99 " കുടുംബ പെൻഷൻ (വോട്ടു ചെയ്തത് ) 'നോൺ പ്ലാൻ 'എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.രാജശ്രീ.**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1) അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള,തിരുവനന്തപുരം.
2) അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
3) അക്കൗണ്ടൻറ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള,തിരുവനന്തപുരം.
4) സബ് ട്രഷറി ഓഫീസർ, സബ്ട്രഷറി ആറ്റിങ്ങൽ
5) ശ്രീമതി.ഓമന കുമാരി, പുതുവൽ പുത്തൻ വീട്, ഇടത്തിമൺ,ഇളമ്പ(പി.ഒ),തിരുവനന്തപുരം
6) The Nodal Officer www.finance.kerala.gov.in
7) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.(E-356887)

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**